## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 166 11.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, റ്റി.വി.രാജേഷ്<br>,, രാജു എബ്രഹാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികളുടെയും ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കാൻ പ്രവാസി ഡിവിഡന്റ് പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; | എ) | പ്രവാസികളുടെയും അവരുടെ ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കാൻ നടപ്പിലാക്കിയ 2019 ലെ പ്രവാസി ഡിവിഡന്റ് പദ്ധതി നിക്ഷേപകനും തുടർന്ന് ജീവിത പങ്കാളിക്കും നിക്ഷേപ സുരക്ഷയോടൊപ്പം ആജീവനാന്തം 10% ഡിവിഡന്റ് വരുമാനവും ഉറപ്പാക്കുന്നു. നിക്ഷേപകന്റെയും ജീവിത പങ്കാളിയുടെയും കാലശേഷം നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റും കൂട്ടി ചേർത്ത തുക മക്കൾക്കോ അനന്തരവകാശികൾക്കോ ലഭ്യമാകുന്നു. ഈ പദ്ധതി നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പ് നൽകുന്നതിനാൽ പ്രവാസികൾക്കും ജീവിത പങ്കാളികൾക്കും ആജീവനാനന്ത സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ സുരക്ഷയും നൽകുന്നു. |
| ബി) | പ്രവാസികളുടെ താല്പര്യ സംരക്ഷണത്തിനായി നോർക്കയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരിപാടിയുണ്ടോ | ബി) | പ്രവാസികളുടെ താല്പര്യ സംരക്ഷണാർത്ഥം വിവിധ പരിപാടികളാണ് നോർക്ക റൂട്ട്സ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ നിലവിലുള്ള പദ്ധതികൾ നവീകരിച്ചും വിപുലപ്പെടുത്തിയും പ്രവാസികൾക്ക് കൂടുതൽ പ്രയോജനം കിട്ടത്തക്ക വിധത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | എന്നറിയിക്കാമോ? | | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)<br><br>ഈ പദ്ധതി പ്രകാരം ലോൺ നല്കുന്നതിനുള്ള പരിധി 20 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കാളികളായ ബാങ്കുകളുടെ എണ്ണം 15 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ അനായാസ രീതിയിൽ ഒറ്റദിവസം കൊണ്ട് അപേക്ഷകർക്ക് ലോൺ ലഭ്യമാകുന്ന ക്യാമ്പ് മോഡൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>2. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി)<br><br>കേരളത്തിലെ നിക്ഷേപാവസരങ്ങൾ മുൻഗണനാക്രമത്തിൽ പ്രവാസികളായ നിക്ഷേപകരുടെ മുന്നിൽ അവതരിപ്പിച്ച് കേരളത്തിലേക്ക് വിദേശ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടെ 2019 മാർച്ചിൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി) പദ്ധതി ആരംഭിച്ചു.<br><br>3. സാന്ത്വന പദ്ധതി<br><br>സാന്ത്വന പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലേക്കായി ജില്ലാ നോർക്ക സെല്ലുകളെ ശാക്തീകരിച്ചിട്ടുണ്ട്. മാനദണ്ഡപ്രകാരം സഹായധനത്തിന് അർഹതയില്ലാത്ത അപേക്ഷകളിൽ അപേക്ഷകരുടെ ദയനീയ സ്ഥിതി പരിഗണിച്ച് പ്രത്യേക കേസായി കണക്കാക്കിയും ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

4. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്

അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി മംഗലാപുരം, കോയമ്പത്തൂർ എയർപോർട്ടുകളിലും കൂടി ഏർപ്പെടുത്തി.

5. എമർജൻസി റിപാട്രിയേഷൻ ഫണ്ട്

വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി ആരംഭിച്ചിട്ടുണ്ട്.

6. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആറ് ജി.സി.സി രാജ്യങ്ങളിലേക്കായി 11 ലീഗൽ

കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്.

7. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം

പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ധനസഹായം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച നൂതന പദ്ധതിയാണിത്.

8. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

9. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി)

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള സർക്കാരിൽ നിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി 24x7 മണിക്കൂറും പ്രവർത്തിക്കുന്ന

| | | | |
|---|---|---|---|
| | | | ഗ്ലോബൽ കോൺടാക്റ്റ് സെന്റർ 2019 ഫെബ്രുവരി 15 മുതൽ ആരംഭിച്ചു.<br><br>10. പ്രവാസി അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം<br><br>കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>11. ലോക കേരള സഭ<br><br>കാലാനുസൃതമായി ആഗോളതലത്തിലുണ്ടാകുന്ന വെല്ലുവിളികളും പ്രതിസന്ധികളും അഭിപ്രായങ്ങളും ചർച്ച ചെയ്യുന്നതിന് പ്രവാസി മലയാളികളുടെ ഒരു പൊതുവേദിയായി ലോക കേരള സഭ രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**